ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ തുകകൊണ്ട് ആ പദ്ധതി പൂർത്തിയാക്കാമെന്ന കണക്കാക്കപ്പെട്ടിരിക്കുന്നതു് യഥാർത്ഥത്തിൽ സാധിതമാകുന്നോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. ഐ. വേലായുധൻ: വ്യക്തമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണു് തുക ചേർത്തിട്ടുള്ളതു്.

ശ്രീ. കെ. എ. ശിവരാമഭാരതി: പോത്തുണ്ടി പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കയില്ലെന്നു് അതിന്റെ ആക്ഷൻകമ്മിറ്റി കൺവീനർക്കു് എഴുതിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ എഴുതിയിട്ടില്ല.

വിദ്യാഭ്യാസനികുതി.

* 681. [17] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിക്കുവേണ്ടി ധനാഗമമാർഗ്ഗമെന്ന നിലയിൽ വിദ്യാഭ്യാസനികുതി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ പ്ലാനിംഗ് കമ്മീഷൻ മുമ്പാകെ സംസ്ഥാന ഗവണ്മെന്റ് എന്തെങ്കിലും നിർദ്ദേശം ഉന്നയിച്ചിട്ടുണ്ടോ;

(സി) ഈ ഇനത്തിൽ എത്ര രൂപ പ്രതിവർഷം കൂടുതൽ കിട്ടുമെന്നു് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നു;

(ഡി) എന്തു് അടിസ്ഥാനത്തിലാണു് ഈ നികുതി ചുമത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിദ്യാഭ്യാസനികുതി ഏർപ്പെടുത്തുന്ന കാര്യത്തെപ്പറ്റി അന്വേഷിക്കുന്നുണ്ടു്.

(ബി) ഉണ്ടു്.

(സി) വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) വിവരങ്ങൾ കിട്ടിയ ശേഷമേ അതിനെപ്പറ്റി തീരുമാനിക്കാൻ കഴികയുള്ളു.

ശ്രീ. പ്രാക്കുളം ഭാസി: രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 15 കോടി രൂപ വിദ്യാഭ്യാസത്തിനു കൊള്ളിച്ചിരുന്നതിൽ 6 കോടി രൂപ വെട്ടിക്കുറച്ചതു് ഇവിടെ വിദ്യാഭ്യാസം കൂടുതലാണെന്നു വിചാരിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല. ആകെയുള്ള ഫൈനാൻഷ്യൽ ടാർജറ്റ് കൂടുന്നു. അതുകൊണ്ടു് ആയിനത്തിലും കുറവു ചെയ്തു.

ശ്രീ. പ്രാക്കുളം ഭാസി: ഇവിടത്തെ മെഡിക്കൽമന്ത്രി ഇവിടെ വിദ്യാഭ്യാസം കൂടുതലാണെന്നു പ്രസംഗിച്ചിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു വായിൽ നിന്ന് പിന്നൊരു വായിലേക്ക് മാറുമ്പോൾ അത്തത്തിനു പല മാറ്റവും വരും. വിദ്യാഭ്യാസം ക്ലേശരഹിതമായതുകൊണ്ട് കൂടുതൽ തുക ചെലവാക്കേണ്ടെന്നു പറഞ്ഞിട്ടില്ല.

ശ്രീ. പ്രാക്കുളം മാസി: 15 കോടി രൂപ കൊള്ളിച്ചതിൽ 6 കോടി രൂപ കുറച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെനിന്നു 130 കോടി രൂപയുടെ പ്ലാൻ അയച്ചതിൽ പലയിനത്തിലും കുറവുചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ മാത്രമല്ല.

ശ്രീ. പ്രാക്കുളം മാസി : അങ്ങിനെ കുറവുചെയ്തിട്ടുള്ളതിൽ കൂടുതലായി കുറഞ്ഞിട്ടുള്ളതു് ഈയിനത്തിലല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് കണക്കുകൂട്ടിനോക്കാവുന്നതാണു്.

ശ്രീ. പ്രാക്കുളം മാസി : ഇവിടെ വിദ്യാഭ്യാസം അഭിവൃദ്ധിയിലാണെന്നു സമ്മതിച്ചതുകൊണ്ടല്ലേ ഇങ്ങനെ കുറയുന്നതിനു കാരണമായതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക വിദ്യാഭ്യാസനികുതി ഏർപ്പെടുത്താമെന്നുള്ള ഉറപ്പിലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനുവദിച്ചിട്ടുള്ള സംഖ്യ ചിലവാക്കണമെങ്കിൽ നാം റിസോഴ്സു് ഉണ്ടാക്കണം.

ശ്രീ. ടി. കെ. ദിവാകരൻ : വിദ്യാഭ്യാസനികുതിയുടെ കാര്യം ഉറപ്പു നൽകിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിസോഴ്സിനെപ്പറ്റി ഉറപ്പു നൽകിയിട്ടുണ്ടു്. റിസോഴ്സിൽ ഒന്നാണു് വിദ്യാഭ്യാസനികുതിയും.

ശ്രീ. ടി. കെ. ദിവാകരൻ : നികുതി പിരിച്ചാലേ ഈ തുക ഉപയോഗിക്കുകയുള്ളോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ തുക ചെലവാക്കുന്നതിനു നമ്മുടെ ഭാഗത്തുള്ള റിസോഴ്സു് കാണിക്കണം.

ശ്രീ. എ. താണുപിള്ള : പ്ലാനിംഗ് കമ്മീഷൻ മുമ്പാകെ സംസ്ഥാനസർക്കാരിന്റെ റിസോഴ്സിനെ സംബന്ധിച്ചു് ഉന്നയിച്ചിട്ടുള്ള കാര്യങ്ങളുടെ സമഗ്രരൂപം നൽകാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു വലിയ കാര്യമാണു്. ഈയവസരത്തിൽ പറയാൻ നിവൃത്തിയില്ല. റിസോഴ്സിനെപ്പറ്റിയുള്ള നോട്ടു് എന്റെ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly